# THE BIBLE TRUTH

**Editor**
**P.K. VARGHESE**

000

**Published by Church of Christ**

**പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം**

**Vol. 33** **November 2018** **No.11**


## എഡിറ്റോറിയൽ

ലോകത്തിൽ വിവിധ മതങ്ങളും ആചാരങ്ങളും നിലനിൽക്കുന്നു എന്നത് പരമാർത്ഥമാണ്. പക്ഷെ അവയിൽ തെറ്റും ശരിയും കണ്ടെത്തുവാൻ കഴിയാത്തവർ അനവധിയാണ്. സത്യസന്ധരായ അന്വേഷകർക്ക് അത് കണ്ടെത്തുവാൻ കഴിയുന്നുമുണ്ട് എന്ന കാര്യത്തിൽ തർക്കമില്ല. അന്ധമായി എന്തും വിശ്വസിക്കുന്നവർ ഒരുഭാഗത്ത്, പാരമ്പര്യമായി വിശ്വസിച്ചുപോരുന്നതിൽ നിലനിൽക്കുന്നവർ വേറൊരു ഭാഗത്ത്, മൂന്നാമത് ഒരു കൂട്ടർ തങ്ങളുടെ മനസാക്ഷിയനുസരിച്ച് നിഷ്പ്പക്ഷമായി കഴിയുന്നു. ചിലർ മതത്തിൽ തീവ്രമായി വിശ്വസിക്കുന്നവരാണ്, അതിനെ പ്രതിരോധിക്കുവാൻ അവർ എന്തും ചെയ്യും. നമ്മുടെ സാമാന്യബുദ്ധിയെ എങ്ങനെയാണ് ഉപയഗിക്കേണ്ടത്? കാര്യകാരണ സഹിതം ഓരോന്നിന്റെ ആധികാരികത ഉറപ്പുവരുത്തണം. തെളിവുകളുടെ അടിസ്ഥാനത്തിൽ വേണം വിശ്വസിക്കുവാൻ. ഒന്നിനേയും സ്വയമായ ന്യായീകരിക്കരുത്.

ആചാരമായിരുന്നാലും മതപരമായ ചടങ്ങുകളായാലും അതിന്റെ ഉത്ഭവം നാം പരിശോധിക്കണം. അതു മനുഷ്യരിൽ നിന്നാണോ അതോ ദൈവത്തിൽ നിന്നാണോ എന്നത് പ്രാധാന്യമർഹിക്കുന്നു. ചിലത് ദൈവത്തിൽനിന്നാണെന്ന് അവകാശപ്പെട്ടേക്കാം. പക്ഷെ അതിന്റെ ആധികാരികതയാണ് നമുക്ക് ആവശ്യം. ദൈവം മനുഷ്യരുടെ സൃഷ്ടികർത്താവും മനുഷ്യർ ദൈവത്തിന്റെ സന്താനങ്ങളുമാണ്. അത് തെളിയിക്കപ്പെട്ടതും വിശ്വസനീയവുമാണ്. പക്ഷെ ചില അവിശ്വാസികൾ അതിനു പരിണാമസിദ്ധാന്തവു

മായി ബന്ധപ്പെടുത്തുന്നു: അത് മാനുഷികവും. തെളിയിക്കപ്പെടാത്തതുമായ ചിന്ത മാത്രമാണ്. എന്നാൽ ബാല്യത്തിൽ കുട്ടികളുടെ മനസിൽ വിദ്യാലയങ്ങൾ അതിനെ അടിച്ചേൽപിക്കുന്നത് തികച്ചും നിഷേധാത്മകമാണ്. തങ്ങളുടെ കുട്ടികളെ എന്തു പഠിപ്പിക്കണം, എന്തു പഠിപ്പിക്കേണ്ട എന്നു തീരുമാനിക്കുവാനുള്ള അവകാശം മാതാപിതാക്കൾക്കാണ് ഉള്ളത്.

ബാലൻ നടക്കേണ്ട വഴിയിൽ അവനെ അഭ്യസിപ്പിക്ക എന്നാണ് തിരുവെഴുത്ത് നമ്മെ പഠിപ്പിക്കുന്നത്. ദൈവം മനുഷ്യർക്ക് നടക്കുവാൻ നൽകിയ ഏക വഴിയാണ് നടക്കുവാൻ കുട്ടികളെ പഠിപ്പിക്കേണ്ടത്. കുട്ടികളുടെ സ്വഭാവ രൂപീകരണം അവരുടെ അറിവിനനുസരിച്ചായിരിക്കും. അതുകൊണ്ട് ദൈവിക സ്വഭാവത്തിൽ എല്ലാവരും വളരുവാൻ അവർക്ക് ദൈവ പരിജ്ഞാനം കൂടിയേ തീരു. പരിജ്ഞാനമില്ലായ്കയാലാണ് പലരും നശിച്ചു പോകുന്നത്. നാശത്തിലേക്ക് പോകുവാൻ ആഗ്രഹിക്കുന്നവർക്ക് നീതിബോധം ഇല്ല. ദൈവിക നീതിയിൽ ജീവിക്കുവാനാണ് ദൈവം മനുഷ്യരിൽനിന്നു പ്രതീക്ഷിക്കുന്നത്. മനുഷ്യരിൽ ദൈവം നൽകിയ ആത്മാവിനെ നമ്മിൽ നിലനിർത്തുവാൻ കഴിയാതെ വരുന്നത് നാം നിയമത്തെ ലംഘിക്കുന്നതിനാലാണ് എന്നത് നാം മനസിലാക്കണം.

ആദ്യമായി നമ്മുടെ മനസും ചിന്തയും നാം ദൈവികമാക്കിമാറ്റണം, വിശ്വാസം ദൈവത്തിലും അവന്റെ വചനത്തിലും ആയിരിക്കണം. പാപം അഥവാ അധർമ്മത്തെ ഒഴിവാക്കുവാനുള്ള തീരുമാനം എടുക്കണം. തുടർന്നു യേശു ദൈവപുത്രനാണെന്ന് ഹൃദയംകൊണ്ടു വിശ്വസിക്കയും വായ്കൊണ്ടു ഏറ്റു പറയുകയും വേണം. അതിനുശേഷം പാപമോചനം നൽകുവാൻ കഴിവുള്ള പിതാവിന്റേയും പുത്രന്റേയും, പരിശുദ്ധാത്മാവിന്റേയും നാമത്തിൽ സ്നാനം ഏൽക്കുമ്പോൾ പാപം നീങ്ങുകയും ദൈവത്തിന്റെ പരിശുദ്ധാത്മാവ് ആ വ്യക്തിയിൽ വസിപ്പാൻ ദാനമായി നൽകുകയും ചെയ്യും. പിന്നീട് മരണത്തോളം കർത്താവിന്റെ സഭയിൽ വിശ്വസ്ത ജീവിതം നയിച്ച് അവനെ സേവിച്ചുകൊണ്ടിരുന്നാൽ, നമുക്ക് ദൈവം വാഗ്ദാനം ചെയ്തിരിക്കുന്ന നിത്യജീവൻ ലഭിക്കും. എല്ലാറ്റിലും ദൈവത്തെ മഹത്വപ്പെടുത്തുക എന്നതായിരിക്കണം ലക്ഷ്യം.

# ക്രിസ്ത്യാനികളും ഗവണ്മെന്റും

## റോഡ് റൂതർഫോർഡ്

ഇരു ക്രിസ്ത്യാനിക്കു സർക്കാർ സേവനം ആകാമോ? അവർക്കു തങ്ങളുടെ രാജ്യത്തിൽ വോട്ടവകാശം വിനിയോഗിക്കാമോ? അവർക്കു അവരുടെ ദേശീയ ഗാനം ആലപിക്കാമോ. അതുപോലെ തങ്ങളുടെ ദേശീയ പതാകയെ വണങ്ങാമോ? ഈ ചോദ്യങ്ങൾ ഉന്നയിക്കുന്നതിന്റെ കാരണം എന്തെന്നാൽ രാഷ്ട്രീയക്കാരും ഭരണതലത്തിൽ പ്രവർത്തിക്കുന്നവരും അഴിമതിക്കാരാണ് എന്നതാണ്. ഇവ ദൈവ നിയമത്തിനു എതിരാണെന്നുള്ള അഭിപ്രായക്കാരുമുണ്ട്. എന്നാൽ ബൈബിൾ ഇതിനെ കുറിച്ച് എന്താണ് പറയുന്നത്?

യേശു ഈ ഭൂമിയിലായിരുന്നപ്പോൾ ആ ദേശം (ഇസ്രായേൽ) റോമിന്റെ ഭരണത്തിലായിരുന്നു. യഹൂദന്മാർ റോമിനെ വെറുത്തിരുന്നു. റോമാ ഗവണ്മെന്റ് ഉദ്യോഗസ്ഥന്മാരാകട്ടെ അഴിമതിക്കാരും എതിർക്കുന്നവരും ആയിരുന്നു. ഒരവസരത്തിൽ പരീശന്മാർ യേശുവിനെ കുടുക്കുവാൻ ആഗ്രഹിച്ചു. അവർ അവനോടു ഒരു ചോദ്യം ചോദിച്ചു. കൈസർക്കു കരം കൊടുക്കുന്നതു വിഹിതമോ എന്നതായിരുന്ന ചോദ്യം (മത്തായി 22:15:22) കരം കൊടുക്കുന്നതു തെറ്റാണെന്നു പറഞ്ഞാൽ റോമൻ ഭരണാധികാരികളിൽ നിന്നും കുഴപ്പം നേരിടും. കരം കൊടുക്കുന്നതു നല്ലതാണെന്നു പറഞ്ഞാൽ യെഹൂദന്മാരുടെ വിദ്വേഷത്തിനു പാത്രമാവും. അവൻ ഇതിൽ കുടുങ്ങുമെന്നാണ് അവർ കരുതിയത്, എന്നാൽ യേശു അവരോടു കരത്തിനുള്ള നാണയം കാണിപ്പാൻ പറഞ്ഞു. കൊണ്ടുവന്നപ്പോൾ നാണയത്തിന്മേലുള്ള സ്വരൂപവും

മെലേഴുത്തും ആരുടേത് എന്നു ചോദിച്ചു. കൈസറുടേത് എന്നു അവർ ഉത്തരം പറഞ്ഞു. എന്നാൽ കൈസർക്കുള്ളതു കൈസർക്കും ദൈവത്തിനുള്ളതു ദൈവത്തിനും കൊടുപ്പിൻ എന്നു അവൻ പറഞ്ഞു. (മത്തായി 22: 21)

എല്ലാ ക്രിസ്ത്യാനികളും രണ്ടു രാജ്യത്തിലെ (ദേശം) പ്രജകളാണ്. ഒരു രാജ്യം ആത്മീകവും മറ്റേതു ഭൗതികവുമാണ്. ക്രിസ്തുവിന്റെ സഭയാകുന്ന അവന്റെ രാജ്യത്തിലെ പൗരന്മാരാണ് യഥാർത്ഥ ക്രിസ്ത്യാനികൾ (മത്തായി 16:18–19; കൊലൊസ്യർ 1:13) അതുപോലെ അവർ തങ്ങൾ താമസിക്കുന്ന ഭൗതിക രാജ്യമാകുന്ന പ്രജകളുമാണ്. ഓരോ രാജ്യത്തിലും തങ്ങൾക്കുള്ള കടമകൾ അവർ നിർവ്വഹിക്കണം. അതിൽ നിന്നും ആർക്കും ഒഴിവില്ല എന്നോർക്കുക.

ലോകത്തിൽ ഭൂരിഭാഗം പ്രദേശങ്ങളും റോം ഭരിച്ചിരുന്ന സമയത്തായിരുന്ന അപ്പൊസ്തലനായ പൌലൊസ് ജീവിച്ചിരുന്നത്. അവൻ ഒരു റോമാ പൗരൻ ആയിരുന്നു (പ്രവൃത്തി 22:25–29). പൌലൊസ് അന്നു ലേഖനമെഴുതുമ്പോൾ അന്നു റോം ഭരിച്ചിരുന്നതു അഴിമതി നിറഞ്ഞ ക്രൂരനായ ചക്രവർത്തി നീറോയാണ്. "ഏതു മനുഷ്യനും ശ്രേഷ്ഠാധികാരങ്ങൾക്കു കീഴടങ്ങട്ടെ. ദൈവത്താലല്ലാതെ ഒരധികാരവുമില്ലല്ലൊ; ഉള്ള അധികാരങ്ങളോ ദൈവത്താൽ നിയമിക്കപ്പെട്ടിരിക്കുന്നു. ആകയാൽ അധികാരത്തോടു മറുക്കുന്നവൻ ദൈവ വ്യവസ്ഥയോടു മറുക്കുന്നു. മറുക്കുന്നവനോ ശിക്ഷാ വിധി പ്രാപിക്കും. വാഴുന്നവൻ സൽപ്രവൃത്തിക്കല്ല, ദുഷ്പ്രവൃത്തിക്കത്രെ ഭയങ്കരം. അധികാരസ്ഥനെ ഭയപ്പെടാതിരിപ്പാൻ ഇച്ഛിക്കുന്നുവോ? നന്മ ചെയ്ക എന്നാൽ അവനോടു പുകഴ്ച്ച ലഭിക്കും. നിന്റെ നന്മക്കായിട്ടല്ലോ അവൻ

ദൈവ ശുശ്രൂഷക്കാരനായിരിക്കുന്നത്. നീ തിന്മ ചെയ്താലോ ഭയപ്പെടുക. വെറുതെയല്ല അവൻ വാൾ വഹിക്കുന്നത്. അവൻ ദോഷം പ്രവർത്തിക്കുന്നവന്റെ ശിക്ഷെക്കായി പ്രതികാരിയായ ദൈവ ശുശ്രൂഷക്കാരൻ തന്നെ (റോമർ 13:1–4).

അതുകൊണ്ടു ശിക്ഷയെ മാത്രമല്ല മനസാക്ഷിയെയും വിചാരിച്ചു കീഴടങ്ങുക ആവശ്യം. അതുകൊണ്ടു നിങ്ങൾ നികുതിയും കൊടുക്കുന്നു. അവർ ദൈവ ശുശ്രുഷകന്മാരും ആ കാര്യം തന്നെ നോക്കുന്നവരും ആകുന്നു. എല്ലാവർക്കും കടമായുള്ളതു കൊടുപ്പിൻ; നികുതി കൊടുക്കേണ്ടവന്നു നികുതി ചുങ്കം കൊടുക്കേണ്ടവന്നു ചുങ്കം: ഭയം കാണിക്കേണ്ടവന്നു ഭയം; മാനം കാണിക്കേണ്ടവന്നു മാനം (റോമർ 13:6–7). ദൈവത്താലല്ലാതെ ആരും അധികാരത്തിൽ വരുന്നില്ല. എന്നാൽ ചില അധികാരികൾ ജനങ്ങളെ ക്ലേശിപ്പിക്കും എന്നതു വാസ്തവമാണ്. പക്ഷെ നാം മനസ്സിലാക്കേണ്ടതു എന്തെന്നാൽ അവർ ചെയ്യുന്ന പ്രവൃത്തികൾക്കു തക്ക ശിക്ഷ ദൈവം കൊടുക്കും എന്നതാണ്. നാം നമ്മുടെ കർത്തവ്യം നിർവ്വഹിക്കാതിരിക്കരുത്. കാരണം നാം ഒരിക്കലും കുറ്റക്കാരായി തീരരുത്. ഒരിക്കലും നാം ദൈവ വ്യവസ്ഥയോടു എതിർക്കരുത്. നന്മ മാത്രമാണ് നമ്മുടെ ലക്ഷ്യം. അതു ചെയ്യുവാൻ കഷ്ടം സഹിക്കേണ്ടി വന്നാലും സാരമില്ല.

പത്രോസും ഈ വിഷയത്തെ കുറിച്ചു പ്രബോധിപ്പിച്ചിട്ടുണ്ട്. "സകല മാനുഷ നിയമത്തിനും കർത്താവിൻ നിമിത്തം കീഴടങ്ങുവിൻ. ശ്രേഷ്ഠാധികാരി എന്നുവെച്ചു രാജാവിന്നും ദുഷ്പ്രവൃത്തിക്കാരുടെ ദണ്ഡനത്തിനും സൽപ്രവൃത്തിക്കാരുടെ മാനത്തിനുമായി അവനാൽ അയക്കപ്പെട്ടവർ എന്നുവെച്ചു നാടുവാഴികൾക്കും കീഴടങ്ങുവിൻ. നിങ്ങൾ നന്മ ചെയ്തുകൊണ്ടു ബുദ്ധി

യില്ലാത്ത മനുഷ്യരുടെ ഭോഷത്വം മിണ്ടാതാക്കേണം എന്നുള്ളതു ദൈവേഷ്ടം ആകുന്നു. സ്വാതന്ത്ര്യം ദുഷ്ടതക്കു മറയാക്കാതെ ദൈവത്തിന്റെ ദാസന്മാരായും നടപ്പിൻ: എല്ലാവരേയും ബഹു മാനിപ്പിൻ; ദൈവത്തെ ഭയപ്പെടുവിൻ: രാജാവിനെ ബഹുമാനി പ്പിൻ (1 പത്രൊസ് 2:13-17).

ദൈവ നിയമത്തിനു വിരുദ്ധമായി എന്തെങ്കിലും ക്രിസ്ത്യാ നികളോടു ചെയ്യുവാൻ അധികാരി ആവശ്യപ്പെട്ടാലോ എന്നു പലപ്പോഴും ചോദിച്ചിട്ടുള്ള ചോദ്യമാണ്. സത്യദൈവത്തെ ആരാ ധിക്കുന്നതിനെ ഗവണ്മെന്റ് വിലക്കിയാലോ എന്നും ചോദ്യം ഉയർന്നിട്ടുണ്ട്. അപ്പോൾ നാം എന്തു ചെയ്യും? മനുഷ്യന്റെ നിയ മവും ദൈവത്തിന്റെ നിയമവും തമ്മിൽ വിയോജിപ്പ് വന്നാൽ നാം അനുസരിക്കേണ്ടതു ദൈവ നിയമമാണ്. ഒന്നാം നൂറ്റാണ്ടിലെ യെഹൂദ ഭരണാധികാരികൾ സുവിശേഷം പ്രസംഗിക്കരുതെന്നു അപ്പൊസ്തലന്മാരെ വിലക്കിയപ്പോൾ അവർ പറഞ്ഞതു: "മനു ഷ്യരേക്കാൾ ദൈവത്തെ അനുസരിക്കേണ്ടതാകുന്നു" എന്നത്രെ (പ്രവൃത്തി 5:29). ദൈവ നിയമവും മാനുഷികാധികാരികളുടെ നിയമവും നാം അനുസരിക്കണം. എന്നാൽ ദൈവ നിയമവും മനുഷ്യരുടെ നിയമവും പരസ്പര വിരുദ്ധമായി വരുമ്പോൾ നാം ദൈവത്തെ മുറുകെ പിടിക്കണം.

ലൗകിക മനുഷ്യർക്കു മാത്രമെ സർക്കാർ ജോലി പാടുള്ളൂ എന്നും ക്രിസ്ത്യാനികൾക്കു അതു നിഷിദ്ധമാണെന്നും പറയു ന്നവർ ഉണ്ട്. അതു ബൈബിൾ പഠിപ്പിക്കുന്ന ഒന്നല്ല. ക്രിസ്ത്യാ നികൾക്കു ഒരു നിയമവും അല്ലാത്തവർക്കു വേറൊരു നിയ മവും ദൈവം കൊടുക്കുന്നില്ല. ശരിയായിട്ടുള്ളതു എല്ലാവർക്കും ഒന്നു മാത്രം.

തെറ്റു ചെയ്യുവാനായി ധാരാളം പരീക്ഷണങ്ങൾ വരുമെ

ന്നതു വാസ്തവമാണ്. അധികാരം ദുർവ്വിനിയോഗം ചെയ്യുന്നതു സാധാരണയായി മാറിയിരിക്കുയാണ്. അധികാര സ്ഥാനം ഉപയോഗിച്ച് പെട്ടെന്ന് ധനികൻ ആകണമെന്നു ആളുകൾക്കു ആഗ്രഹം തോന്നും.

✶

## കുടുംബത്തിന്റെ അടിസ്ഥാനതത്വങ്ങൾ

### J.K. ഗോസെറ്റ്

ദൈവത്താൽ സ്ഥാപിച്ചതായ കുടുംബത്തിനു ഏതാനും അടിസ്ഥാനപരമായ തത്വങ്ങൾ ഉണ്ട്. ദൈവം ആഗ്രഹിക്കുന്നതുപോലെ കുടുംബം നിലനിർത്തി കൊണ്ടുപോകാൻ ആഗ്രഹിക്കുന്നവർ ഈ തത്വങ്ങളെ മാനിക്കും. ഒത്തൊരുമിച്ചുള്ള ജീവിതമാണ് കുടുംബം കൊണ്ടു ഉദ്ദേശിക്കുന്നത്. ദൈവേഷ്ടം എന്തെന്നു ഏതു കാര്യത്തിലും നാം ആരാഞ്ഞറിയണം. ഈ കാര്യത്തിലും ദൈവം വെളിപ്പെടുത്തിയിരിക്കുന്ന തന്റെ ഹിതമാണ് മനുഷ്യർ അറിയേണ്ടത്. അതിനു പകരമായ അറിവും പരിശീലനവും വിപരീത ഫലം പുറപ്പെടുവിക്കും. അതിനാൽ ഉറപ്പുള്ളതും ഭദ്രതയുള്ളതുമായ കുടുംബത്തിനു ആവശ്യമായ അടിസ്ഥാന തത്വങ്ങൾ നമുക്കു മനസ്സിലാക്കാം.

ആദ്യമായി ഭവനത്തെ സംബന്ധിച്ച് ദൈവത്തിന്റെ ഏർപ്പാട് എന്തെന്നു പരിശോധിക്കാം. യുഗങ്ങൾക്കു മുമ്പ് ആരംഭിച്ചതായ ഒരു കുടുംബമായിരുന്നുവല്ലൊ ആദാമിന്റെയും ഹവ്വയുടെയും

ഏക പുരുഷനും ഏക സ്ത്രീയും അടങ്ങുന്ന ഒന്നായിരുന്നു. ഏദെൻ തോട്ടത്തിലെത് (ഉൽപത്തി 5:2) വിവാഹത്തിൽ ഒന്നു ചേരാൻ ഉള്ള സ്ത്രീ പുരുഷ യോഗ്യത എന്താണ്? കുടുംബം ആരംഭിക്കുന്നതിനു അവർക്കു ദൈവസന്നിധിയിൽ ഉള്ള യോഗ്യതയാണ്. വെറുമൊരു സ്ത്രീ പുരുഷ ബന്ധം മാത്രമല്ല അതിലുള്ളത്. അടിസ്ഥാനപരമായി അവർ കുടുംബമായി ജീവിക്കുവാൻ തക്ക പക്വത ദൈവ സന്നിധിയിൽ ആർജ്ജിക്കണം. അതല്ലാതെ വിവാഹത്തിലേക്കു പ്രവേശിക്കുന്നതു കുഴപ്പമായിരിക്കും.

വിവാഹമെന്നതു വിട്ടുപിരിയലും പറ്റിച്ചേരലും ആകുന്നു. ആകയാൽ മനുഷ്യൻ അപ്പനെയും അമ്മയെയും വിട്ടു പരിഞ്ഞു ഭാര്യയോടു പറ്റിച്ചേരും. അവർ ഇരുവരും ഒരു ദേഹമായി തീരും (ഉൽപ്പത്തി 2:24). ഈ വിട്ടു പിരിയലും പറ്റിച്ചേരലിനും തുനിയാത്ത ആർക്കും വിവാഹം ആസ്വാദ്യകരമാകയില്ല. പല കുടുംബങ്ങളിലും ഇതു മൂലം പ്രശ്നങ്ങൾ ഉണ്ടാകാറുണ്ട്. ചില പുരുഷന്മാർക്കും സ്ത്രീകൾക്കും അവരുടെ വിവാഹശേഷം മാതാപിതാക്കളെ വിട്ടു പിരിയാൻ കഴിയാതിരിക്കുന്നു. അതുകൊണ്ടു അവർക്കു പങ്കാളിയോടു പറ്റിച്ചേരുവാൻ കഴിയാതെ വരുന്നു. വിവാഹത്തിൽ എടുക്കുന്ന പ്രതിജ്ഞ പാലിക്കുവാൻ ഭാര്യയും ഭർത്താവും ബാദ്ധ്യസ്ഥരാണ്. പിടിവാശി പല ദമ്പതികളേയും തമ്മിൽ അകറ്റിയിട്ടുണ്ട്. വിവാഹശേഷം പങ്കാളികളുടെ ഇഷ്ടത്തെ മാനിക്കുവാൻ തയ്യാറാകണം. വിട്ടുവീഴ്ച്ച വിജയത്തിനു അത്യന്താപേക്ഷിതമാണ്.

വിവാഹസ്ഥിരത കുടുംബത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ പ്രാധാന്യമർഹിക്കുന്നു. അതായതു വിവാഹമെന്നതു താൽക്കാലിക പരീക്ഷണത്തിനു വേണ്ടിയുള്ളതല്ല. മറിച്ച് പങ്കാളിയുടെ

വേർപാട് വരെ നിലനിർത്തേണ്ട ഒന്നാണ്. ദൈവം യോജിപ്പിച്ച തിനെ മനുഷ്യർ വേർപിരിക്കരുത് എന്നു കർത്താവു അരുളിച്ചെയ്തിരിക്കുന്നു. (മത്തായി 19:6) മാനുഷിക കാരണങ്ങളാൽ ദമ്പതികൾ തമ്മിൽ വേർപിരിയുന്നതു ദൈവേഷ്ടമല്ല. കാരണം, ഒരു സ്ത്രീയായാലും പുരുഷനായാലും വിവാഹത്തോടെ അവർ മരണത്തോളം ബന്ധപ്പെട്ടിരിക്കുന്നു. മരണശേഷം മറ്റൊരാളുമായി പുനർവിവാഹം ആകാം. എന്നാൽ ഈ ദൈവിക തത്വത്തെ മാനിക്കാതെ പല ഭാര്യമാരും, ഭർത്താക്കന്മാരും വേർപിരിയുകയും പുനർവിവാഹം നടത്തുകയും ചെയ്യുന്നുണ്ട്. ഭർത്താവു ജീവനോടിരിക്കുന്നതുവരെ ഭാര്യ ഭർത്തൃ ന്യായപ്രമാണത്താൽ ബന്ധിക്കപ്പെട്ടിരിക്കയാണ്. അതിന്റെ അർത്ഥം വളരെ ലളിതവും വ്യക്തവുമാണല്ലോ (റോമർ 7:2)

അന്യോന്യം ഒരു ദൃഢമായ ബന്ധം ഭാര്യാഭർത്താക്കന്മാർക്കുണ്ടാകണം. പരസ്പര സ്നേഹം ഒഴിച്ച് കടപ്പെട്ടിരിക്കരുത്. പ്രാർത്ഥനക്കു അവസരമുണ്ടാക്കാൻ പരസ്പര സമ്മതത്തോടെയല്ലാതെ പിരിഞ്ഞ് ഇരിക്കരുത്. എന്നാൽ അതിനു വിപരീതമായി കാണപ്പെടുന്ന ഭവനങ്ങളിൽ എല്ലാം പ്രശ്നങ്ങൾ തന്നെയാണ്. ഭാര്യ ഒരു സ്ഥലത്തും ഭർത്താവു വേറൊരു സ്ഥലത്തും ആയിരിക്കുന്നതു കുടുംബ ജീവിതത്തെ ബാധിക്കും. മാതാപിതാക്കളിൽ നിന്നു കുട്ടികളെ അകറ്റി ബോർഡിംഗിൽ നിർത്തി പഠിപ്പിക്കുന്നതും ജീവിതത്തെ ഉലയ്ക്കും. ധന സമ്പാദ്യത്തിനു ഊന്നൽ കൊടുക്കുന്ന ദമ്പതികൾക്കു പിന്നീട് നഷ്ടമാകുന്നതു അവരുടെ കുടുംബമാണ്. അപ്പനും അമ്മയും തങ്ങളുടെ കുട്ടികൾക്കു കൊടുക്കേണ്ട സ്നേഹവും പത്ഥ്യോപദേശവും കൊടുക്കാതിരുന്നാൽ അവരുടെ ഭാവി ഇരുളടഞ്ഞതായി തീരും. ധനത്തേക്കാൾ അധികം കുടുംബ ബന്ധങ്ങൾക്കു പ്രാധാന്യം

കൊടുക്കണം. തുറന്ന സ്നേഹം ഈ ബന്ധത്തിനു ഉണ്ടായിരിക്കണം. ധനം കുറവായാലും ജീവിക്കാം. പക്ഷെ ജീവിതം തന്നെ നഷ്ടമായാലോ? പലരും ഇത്തരം അനുഭവങ്ങളിൽ നിന്നു ഗുണ പാഠം പഠിച്ചിട്ടുണ്ട്. ദൈവ വചനത്തിൽ പറഞ്ഞിട്ടുള്ള കുടുംബ ബന്ധത്തിനു മതിപ്പും പ്രതിഫലവുമുണ്ട്. അതിൽ ദൈവം പ്രസാദിക്കും.

ഒരു ഭവനത്തിൽ ഭർത്താവ്, ഭാര്യ, മക്കൾ മാതാപിതാക്കൾ, സഹോദരങ്ങൾ എന്നീ നിലയിലേക്കു വളർന്നു കൊണ്ടിരിക്കുന്നു. അന്യോന്യം തൃപ്തിപ്പെടുത്തുന്ന പങ്കാണ് ഓരോരുത്തരും വഹിക്കേണ്ടതു. ഭാര്യമാർ ഭർത്താക്കന്മാർക്കു കീഴ്പ്പെട്ടിരിക്കണം. ഭർത്താക്കന്മാർ തങ്ങളുടെ ഭാര്യമാരെ സ്നേഹിക്കണം. തെറ്റിദ്ധാരണ ഇത്തരം കാര്യങ്ങളിൽ ഒഴിവാക്കണം. യഥാർത്ഥ സ്നേഹത്തിന്റെ മുമ്പിൽ ആരായാലും താഴ്ന്നു പോകും. അതാണ് ഇവിടെ കീഴ്പ്പെട്ടിരിക്കുക എന്നു പറഞ്ഞാൽ. മാതാപിതാക്കൾ തങ്ങളുടെ മക്കളെ കോപിപ്പിക്കരുത്. കാരണം അവർ അധൈര്യപ്പെട്ടുപോകും. മക്കൾ മാതാപിതാക്കളെ ബഹുമാനിക്കണം എന്നു പറഞ്ഞിരിക്കുന്നു. അവർക്കു നന്മയുണ്ടാകുവാനും അവർ ദീർഘക്ഷമയോടെ ഇരിപ്പാനുമാണ് അങ്ങനെ ചെയ്യാൻ പറഞ്ഞിരിക്കുന്നത്. ഇതിനു വിരുദ്ധമായി ജീവിക്കുന്ന മാതാപിതാക്കളായാലും മക്കളായാലും സങ്കടപ്പെടേണ്ടിവരും, ഇനി സഹോദരങ്ങൾ തമ്മിലായാലും ഒരാൾ തന്നേക്കാൾ ശ്രേഷ്ഠനായി മറ്റൊരാളെ കാണണം. (കൊലൊസ്യർ 3:16–21).

അവസാനമായി ഭവനം എന്നതു ഒരു വിദ്യാപരിശീലന കേന്ദ്രമാണ്. ഓരോ ദിവസവും കണ്ടും കേട്ടും പഠിക്കേണ്ട ഒരു സ്ഥാപനമാണത്. അപ്പനും അമ്മയും അതിലെ അദ്ധ്യാപകരും

മക്കൾ വിദ്യാർത്ഥികളുമാണ്. ബൈബിൾ ആയിരിക്കണം അവരുടെ പാഠ്യപുസ്തകം. ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക. വൃദ്ധനായാലും അതു വിട്ടുമാറുകയില്ല. യുവാക്കൾ വഴി തെറ്റി പോകാതിരിക്കാൻ അവർക്കു ബാല്യത്തിലേ ശിക്ഷണം കൊടുക്കണം. അതോടൊപ്പം മാതാപിതാക്കൾ തങ്ങളുടെ കുട്ടികൾക്കു മാതൃക കാണിച്ചു കൊടുക്കുകയും വേണം. അവർ ജീവിക്കേണ്ടതെങ്ങനെ എന്നു വീട്ടിൽ നിന്നു പഠിക്കണം. പെരുമാറേണ്ട രീതിയിൽ ഉപജീവന മാർഗ്ഗം എങ്ങനെ കണ്ടെത്തണം എന്നും അവർ പഠിക്കണം. കുട്ടികളിൽ ലക്ഷ്യബോധവും നീതിശ്സ്ത്രവും പകർന്നു കൊടുക്കേണ്ടതു വീട്ടിൽ നിന്നും ആയിരിക്കണം. പിന്നീട് അവർക്കു പുറമെ നിന്നു കിട്ടുന്ന അറിവു അതിനു പ്രചോദനമാവുകയും വേണം.

## ബോധ്യപ്പെടുത്തുന്ന തെളിവ്

### സുവൈൻ വാർഡൻ

യേശു തന്നെയാണ് ക്രിസ്തു എന്നും സഭ തന്നെയാണ് വാഗ്ദാനം ചെയ്ത രാജ്യമെന്നും ബോധ്യപ്പെടുത്തുന്നതും വിശ്വസിക്കാവുന്നതും ആയ തെളിവാണ് പ്രവചന നിവർത്തീകരണമെന്നു യേശുവും അപ്പൊസ്തലന്മാരും പരിഗണിക്കയുണ്ടായി. ഉയിർത്തെഴുന്നേറ്റ് ശേഷം യേശു തന്റെ ശിഷ്യന്മാർക്കു പ്രത്യക്ഷനായി അവരോടൊപ്പം ഭക്ഷണം കഴിച്ചു. മുമ്പ് അവൻ അനേക പ്രാവശ്യം അവരോടു പറഞ്ഞ കാര്യം ഓർമ്മിപ്പിക്കുവാൻ പറ്റിയ

സമയം അതായിരുന്നു. "ഇതാകുന്നു ഞാൻ നിങ്ങളോടുകൂടെ ഇരുന്നപ്പോൾ പറഞ്ഞതു: ന്യായ പ്രമാണത്തിൽ മോശെയും പ്രവാചകന്മാരും സങ്കീർത്തനക്കാരനും എന്നെ കുറിച്ചു എഴുതിയിരിക്കുന്നതെല്ലാം നിറവേറണം. (ലൂക്കോസ് 24:44). യേശു ശിഷ്യന്മാരോടു പറഞ്ഞതെല്ലാം നമുക്കു ലഭ്യമല്ലെങ്കിലും ഇതു നിറവേറുന്നതായ ഒരു പ്രസ്താവന തിരുവെഴുത്തിൽ ഉണ്ട്. നിങ്ങൾ തിരുവെഴുത്തുകളെ ശോധന കഴിക്കുന്നു. കാരണം അവയിൽ നിത്യജീവൻ ഉണ്ടെന്നു നിങ്ങൾ വിശ്വസിക്കുന്നു. അവ എന്നെ കുറിച്ചു സാക്ഷ്യം പറയുന്നു.

യേശുവിന്റെ കാലയളവിൽ ജീവിച്ചിരുന്ന ആളുകൾക്കും അവന്റെ അപ്പൊസ്തലന്മാർക്കുപോലും അവൻ ഉന്നയിച്ച അവകാശ വാദം ശരിയായി ഗ്രഹിക്കാൻ കഴിഞ്ഞില്ല എന്നതു വാസ്തവമാണ്. ഞാനും പിതാവും ഒന്നാകുന്നു. (യോഹന്നാൻ 10:30) യേശു ഫിലിപ്പിന്റെ കൈസര്യയുടെ പ്രദേശത്തു എത്തിയപ്പോൾ സംഭവിച്ചതു അവരെ തികച്ചും പ്രകാശിതരാക്കുന്നുണ്ട്. (മത്തായി 16:13–19) അവർ കണ്ട അടയാളങ്ങളും കേട്ട പ്രസംഗങ്ങളും എന്തായിരുന്നു എന്നു ചിന്തിക്കാനുള്ള അവസരം കിട്ടി. ആളുകൾ യേശുവിനെ കുറിച്ചു എന്തു വിചാരിക്കുന്നു എന്ന ചോദ്യത്തിനു അവർ ശ്രദ്ധയോടെ ഉത്തരം പറഞ്ഞു. മരിച്ചുപോയ യോഹന്നാൻ സ്നാപകൻ എഴുന്നേറ്റ് വന്നിരിക്കുന്നതാണ് എന്ന് ചിലർ കരുതുന്നു. വേറെ ചിലർ കരുതിയതു അവൻ ഏലിയാവാണ് എന്നായിരുന്നു. അവൻ ഒരു സാധാരണക്കാരനല്ല എന്ന വിലയിരുത്തലാണ് ഉണ്ടായതു. എന്നാൽ യേശു ശിഷ്യന്മാരോടായി നിങ്ങൾ എന്നെ കുറിച്ച് എന്തു വിചാരിക്കുന്നു? ഞാൻ ആർ ആകുന്നു എന്നു ചോദിച്ചു. അതിനു പത്രൊസ് തുറന്നടിച്ചു ഉത്തരം പറഞ്ഞു. "നീ ജീവനുള്ള ദൈവത്തിന്റെ പുത്ര

നായ ക്രിസ്തുവത്രെ.". (മത്തായി 16:15-16).

ദൈവം മനുഷ്യരൂപത്തിൽ ജഡത്തിൽ വന്നവനാണ് ക്രിസ്തു എന്നു അപ്പൊസ്തലന്മാർ അത്ര പെട്ടെന്ന് വിശ്വസിച്ച തല്ല. അവർ അവനെ നിസാരമായി സ്വീകരിച്ചതുമല്ല. പുരാതന കാലത്തും ആധുനികകാലത്തും ഏതൊരാൾക്കും എന്തു അവ കാശ വാദം വേണമെങ്കിലും ഉന്നയിക്കാം. നൂറ്റാണ്ടുകളായി ധാരാളം കള്ള പ്രവാചകന്മാർ വരികയും പോകുകയും ചെയ്തി ട്ടുണ്ട്. ബുദ്ധിയും കഴിവും ഉള്ള ആൾക്കാരെ ആളുകൾ പിൻപ റ്റിയിട്ടുമുണ്ട്. പ്രവാചകന്മാരെ വിവേചിച്ച് തിരിച്ചറിയുന്ന ഒരു സമയമുണ്ട്. (1 യോഹന്നാൻ 4:1) യാതൊരു തെളിവും കൂടാതെ യേശു, ദൈവപുത്രനാണെന്നു അവന്റെ അനുയായികൾ വിശ്വ സിക്കുവാനല്ല ദൈവം പ്രതീക്ഷിക്കുന്നതു. യേശു ചെയ്ത അത്ഭു തങ്ങളും വിവിധ വീര്യ പ്രവർത്തികളും അതിനുവേണ്ടി ചെയ്ത താണ്. യോഹന്നാൻ സ്നാപകന്റെ സാക്ഷ്യവും ആ ഉദ്ദേശത്തെ വ്യക്തമാക്കുന്നു. (യോഹന്നാൻ 5:33-36). കൂടാതെ തിരുവെ ഴുത്തു പറയുന്ന സാക്ഷ്യവും പരിഗണിക്കാൻ അവൻ ആവശ്യ പ്പെടുന്നുണ്ട്.

തിരുവെഴുത്തുകൾ ദൈവശ്വാസിയമെങ്കിൽ (2 തിമൊഥെ യൊസ് 3:16) - യേശു ദൈവ പുത്രനാണെങ്കിൽ ചരിത്രത്തിലെ പരമപ്രധാന സംഭവത്തെ പ്രഖ്യാപിക്കുമ്പോൾ അതിശയിക്കേണ്ട കാര്യമില്ല. തിരുവെഴുത്തു ദൈവശ്വാസിയമെന്നു നാം പറയു മ്പോൾ എന്താണ് അർത്ഥമാക്കിയതു? ദൈവത്തെ കുറിച്ചുള്ള വിശേഷണവും വിവരിച്ചിരിക്കുന്നതു ദൈവശ്വാസിയം തന്നെ എന്നത്രെ. കാരണം ദൈവം സത്യവാനാകുന്നു. സത്യത്തിന്റെ ആത്മാവിനെയാണ് യേശു ശിഷ്യന്മാരിൽ അയക്കുമെന്നു

വാഗ്ദാനം ചെയ്തതു ( യോഹന്നാൻ 15: 26). അവന്റെ അഭിഷേകം സത്യമായതുകൊണ്ടു അതു ഭോഷ്ക്കല്ല (1 യോഹന്നാൻ 2:27) ദൈവത്തിന്റെ വചനം സത്യമാകുന്നു. (യൊഹന്നാൻ 17:17) തിരുവെഴുത്തു സത്യമെന്നു പറയുമ്പോൾ അതിൽ ഭോഷ്ക്ക് ഇല്ല എന്നർത്ഥം. തിരുവെഴുത്തിൽ ദൈവം തന്റെ പ്രവാചകന്മാരിലൂടെ ക്രിസ്തുവിനെകുറിച്ചും സഭയെ കുറിച്ചും പ്രവചിച്ചിട്ടുള്ളതു ക്രിസ്തുവിലും അവന്റെ സഭയിലും നിറവേറി എന്നതു നിഷേധിക്കാനാവാത്ത തെളിവും തന്നെയാണ്. (ലൂക്കൊസ് 24:44)

കൈസര്യയിൽ വെച്ച് വിസ്താരം ചെയ്യപ്പെട്ട പൌലൊസ് അഗ്രിപ്പാ രാജാവിനോടും ശേഷം യെഹൂദന്മാരോടും ഒരു ചോദ്യം ചോദിക്കയുണ്ടായി. "ദൈവം മരച്ചവരെ ഉയിർപ്പിക്കുന്നതു വിശ്വാസ യോഗ്യമല്ല എന്നു നിങ്ങൾക്കു തോന്നുന്നതു എന്തു?" (പ്രവൃത്തി 26:8) തള്ളിക്കളയാനാവാത്ത ഒന്നായി ദൈവം ഈ വസ്തുതയെ വെളിപ്പെടുത്തി തന്നിരിക്കുന്നതു എന്തിനാണ്? വലിയവനായ ദൈവം നമ്മുടെ സൃഷ്ടികർത്താവാണ്. നാം നമ്മുടെ അനുസരണത്തിൽ ഏറ്റു പറഞ്ഞതാണ് ഈ സത്യം. എങ്കിലും ചരിത്ര പുരുഷനും നസ്രേത്തുകാരനുമായ യേശുവിന്റെ യഥാർത്ഥ മഹത്വത്തെ സത്യമായി ആളുകളിലേക്ക് എത്തിക്കേണ്ടതാണ്. ദൈവം തന്റെ വചനം വിശ്വസനീയമായിട്ടാണ് തന്നിരിക്കുന്നതു ദൈവം ജഡത്തിൽ വെളിപ്പെട്ട യേശുവിൽ വിശ്വാസം അർപ്പിക്കുന്നതിനു മതിയായ തെളിവു ഇതിലപ്പുറമായി ആവശ്യമില്ല.

മുകളിൽ പ്രതിപാദിച്ച വസ്തുതയിൽ നിന്നും ശ്രദ്ധിക്കേണ്ട പ്രത്യേകത എന്തെന്നാൽ പഴയ നിയമത്തിലെ എല്ലാ പ്രവചനങ്ങളും യേശുവിനെ കുറിച്ചും അവന്റെ ജനത്തെ കുറിച്ചും മാത്ര

മാണെന്നും കരുതാതിരിക്കുക. ക്രിസ്ത്യാനിത്വത്തിനു മുമ്പുണ്ടായിരുന്നു നീതിശാസ്ത്രത്തെ കുറിച്ചു വെളിപ്പെടുത്തിയിട്ടുണ്ട്. പൌലൊസും മറ്റു അപ്പൊസ്തലന്മാരും പഴയ നിയമ ഉദ്ധരണികൾ പറയുകയും രേഖപ്പെടുത്തുകയും ചെയ്തതു അവരുടെ പ്രസ്താവനകൾ സ്ഥിരീകരിക്കുന്നതിനുവേണ്ടിയായിരുന്നു. ഉദാഹരണമായി കൂട്ടുകാരനെ സ്നേഹിക്കാതെ ന്യായപ്രമാണത്തെ മുറുകെ പിടിക്കുന്നവരോടു പൌലൊസ് പറഞ്ഞു. കൂട്ടുകാരനെ സ്നേഹിക്കുന്നവൻ ന്യായപ്രമാണം നിവർത്തിക്കുന്നു. (റോമർ 13:8) അല്ലാതെ ഇതു യേശുവിനെയോ അവന്റെ ജനത്തെയോ പറ്റി പ്രവചിച്ച വാക്യങ്ങൾ ആയിരുന്നില്ല. പുതിയ നിയമത്തിന്റെ നിഴലായിരുന്ന പഴയ നിയമം പുതിയതിന്റെ വഴികാട്ടി തന്നെയാണ്. തെറ്റിദ്ധരിക്കപ്പെടുവാനിടയുള്ള വേദഭാഗങ്ങൾ നാം സന്ദർഭോചിതമായി വായിച്ച് മനസ്സിലാക്കണം. “മിസ്രയീമിൽ നിന്നു ഞാൻ എന്റെ മകനെ വിളിച്ചു വരുത്തി” എന്നതു യേശുവിനെ കുറിച്ചല്ല, യിസ്രായേലിനെ കുറിച്ചാണ് എന്നറിയുക (ഹോശെയാ 11:1).

മൂല സന്ദർഭത്തെ പരിഗണിക്കാതെ അർത്ഥത്തെ മാറ്റി ഉപയോഗിക്കുന്നതു ഭാഷ ശരിയായി കൈകാര്യം ചെയ്യുന്നതിലെ അറിവില്ലായ്മയാണ് കാരണം. പക്ഷെ അതുകൊണ്ടു ഉണ്ടാകുന്ന പരിണിത ഫലം വളരെ വലുതായിരിക്കും. ബൈബിളിനെ തെറ്റായി വ്യാഖ്യാനിച്ചാലുണ്ടാകുന്ന ശിക്ഷയെ കുറിച്ചു എല്ലാവരും അറിഞ്ഞിരിക്കണം. നാം വായിക്കുന്ന സാഹചര്യം നന്നായി ഗ്രഹിച്ചിരിക്കേണ്ടതുണ്ട്. ബൈബിളിനെ നാം ബൈബിളുകൊണ്ടുതന്നെ വ്യാഖ്യാനിക്കണം. അല്ലെങ്കിൽ തെറ്റു പറ്റും.

# വേറൊരു സുവിശേഷം പ്രസംഗിക്കൽ

## J.C. ചോട്ട്

സുവിശേഷം എന്നാൽ എന്താണെന്നു അപ്പൊസ്തലനായ പൗലോസിനു അറിയാമായിരുന്നു. കാരണം അവൻ പ്രസംഗിച്ചതു സുവിശേഷമായിരുന്നു. അതു ക്രിസ്തുവിന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവയെ പറ്റിയുള്ള നല്ല വിശേഷമാകുന്നു (1 കൊരിന്ത്യർ 15:1–4). അതിനോടു ബന്ധപ്പെട്ടു രക്ഷിക്കുവാനുള്ള ദൈവ കല്പനയും ഒരാൾ അനുസരിക്കണം (മർക്കൊസ് 16:16; പ്രവൃത്തി 2:38). ഈ അനുസരണത്തിൽ ഒരാൾ കർത്താവിൽ വിശ്വസിച്ച്, പാപങ്ങളിൽ നിന്നു മാനസാന്തരപ്പെട്ട്, യേശുവിനെ ദൈവപുത്രനെന്നു വായ്കൊണ്ടു ഏറ്റു പറഞ്ഞു പാപമോചനത്തിനായി വെള്ളത്തിൽ അടക്കപ്പെടുകയും ചെയ്യുന്നു. ഇങ്ങനെ ചെയ്യുന്ന ഒരു വ്യക്തി യേശുവിന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവ ചിത്രീകരിക്കയും ചെയ്യുന്നു. ക്രിസ്തുവിന്റെ ഈ പ്രവർത്തിയിൽ പങ്കാളികളായി തീരണം (റോമർ 6:1–6).

ഗലാത്യർക്കു ലേഖനം എഴുതുമ്പോൾ അപ്പൊസ്തലൻ പറഞ്ഞതു: ക്രിസ്തുവിന്റെ കൃപയാൽ നിങ്ങളെ വിളിച്ചവനെ വിട്ടു നിങ്ങൾ ഇത്ര വേഗത്തിൽ വേറൊരു സുവിശേഷത്തിലേക്കു മറിയുന്നതുകൊണ്ടു ഞാൻ ആശ്ചര്യപ്പെടുന്നു. അതു വേറൊരു സുവിശേഷം എന്നല്ല, ചിലർ നിങ്ങളെ കലക്കി ക്രിസ്തുവിന്റെ സുവിശേഷം മിറച്ചു കളവാൻ ഇച്ഛിക്കുന്നു എന്നത്രെ. എന്നാൽ ഞങ്ങൾ നിങ്ങളോടു അറിയിച്ചതിനു വിപരീതമായി ഞങ്ങൾ ആകട്ടെ സ്വർഗ്ഗത്തിൽ നിന്നു ഒരു ദൂതനാകട്ടെ നിങ്ങളോടു സുവിശേഷം അറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവൻ. ഞങ്ങൾ മുൻ

പറഞ്ഞതുപോലെ ഞാൻ ഇപ്പോൾ പിന്നെയും പറയുന്നു: നിങ്ങൾ കൈക്കൊണ്ട സുവിശേഷത്തിനു വിപരീതമായി ആരെങ്കിലും നിങ്ങളോടു സുവിശേഷം അറിയിച്ചാൽ അവൻ ശപിക്കപ്പെട്ട വൻ (ഗലാത്യർ 1:69).

പൗലോസ് പറഞ്ഞതു നിങ്ങൾക്കു മനസിലായോ? ഗലാത്യയിലുള്ള ക്രിസ്ത്യാനികളോടു പൗലോസ് സുവിശേഷം പ്രസംഗിച്ചതാണ്. യഥാർത്ഥ സുവിശേഷം കേട്ടനുസരിച്ചവരായ അവർ മറ്റൊരു സുവിശേഷം കേട്ടു അതിലേക്കു തിരിയുവാൻ തുടങ്ങുന്നു. ഇത്ര വേഗത്തിൽ അവർ മറ്റൊരു സുവിശേഷത്തി ലേക്കു മാറുന്നതു കൊണ്ടാണ് പൗലോസ് ആശ്ചര്യപ്പെട്ടത്. ചിലർ കർത്താവിന്റെ സുവിശേഷത്തെ മറിച്ചു കളഞ്ഞു എന്നാണ് പറ ഞ്ഞതു. തൽഫലമായി അവർ ആളുകളുടെ വിശ്വാസത്തെ കലക്കി കളഞ്ഞു. ആ സുവിശേഷം രക്ഷക്കു പര്യാപ്തമായ ഒന്നല്ല; അതു ദൈവത്തിൽ നിന്നുള്ളതുമല്ല. അതായതു തെറ്റായ ഒരു വിശേഷത്തെ സുവിശേഷം എന്ന പേരിൽ ആളുകളിൽ എത്താൻ തുടങ്ങി. അപ്പോൾ പൗലോസ് അവരെ മുന്നറിയിക്കു കയാണ്. താൻ തന്നെയോ അല്ലെങ്കിൽ സ്വർഗ്ഗത്തിൽ നിന്നു ഒരു ദൂതനാകട്ടെ വന്നു വേറൊരു സുവിശേഷം അറിയിച്ചാൽ അതു കേൾക്കരുത്. അവൻ ശപിക്കപ്പെട്ടവനാണ്. ദുരുപദേഷ്ടാവ് ശപി ക്കപ്പെട്ടവനാണ് എന്ന ഉറപ്പു വരുത്തുവാൻ അവൻ അതു ആവർത്തിച്ചു പറയുന്നുണ്ട്. അറിയിച്ച ഏക സത്യ സുവിശേഷ മല്ലാതെ വേറൊരു സുവിശേഷം അറിയിക്കുന്നവൻ ശപിക്കപ്പെട്ട വനാണ്.

എന്റെ പ്രിയസ്നേഹിതരേ, ഇതിനേക്കാൾ വ്യക്തമായി മുന്നറിയിപ്പ് എങ്ങനെ നല്കും? ഏക സത്യ സുവിശേഷം മാത്രം

പ്രസംഗിക്കേണ്ടതിന്റെ ആവശ്യകതയെ ഇതിനേക്കാൾ ശക്തമായി എങ്ങനെ ഊന്നി പറയും? ദൈവത്തിന്റെ സത്യത്തെ കോട്ടികളയുന്നവർക്കുള്ള താക്കീത് ഇതിനേക്കാൾ വലുതായിട്ടെന്താണുള്ളത്? ദൈവത്താലുള്ള ശാപം വാങ്ങുകയാണ് ആളുകൾ തെറ്റായ സുവിശേഷം അറിയിക്കുമ്പോൾ ഒരിക്കൽ വെളിപ്പെടുത്തി നല്കിയ സുവിശേഷം മാറ്റുവാൻ അപ്പൊസ്തലനോ, ദൂതനോ അധികാരമില്ല. അങ്ങനെ ചെയ്താൽ അതാരായാലും ശിക്ഷ ഭയാനകമാണ് എന്നു മറ്റു രീതിയിൽ പറയേണ്ട ആവശ്യമില്ല. ഇന്നു സുവിശേഷം അറിയിക്കുവാൻ ദൈവം ദൂതൻമാരെ ഏർപ്പെടുത്തിയിട്ടില്ല. ആ ഉത്തരവാദിത്വം മനുഷ്യരെയാണ് അവൻ ഏല്പിച്ചിരിക്കുന്നത്. പൗലോസ് ദൂതനെയും ഉൾപ്പെടുത്തി സംസാരിക്കുവാൻ കാരണം, ഉയർന്ന പദവിയിലായിരിക്കുന്നവർക്കു പോലും സുവിശേഷം മാറ്റുവാൻ ദൈവം അനുവദിക്കുന്നില്ല എന്നു കാണിക്കുകയാണ്.

ഇതിന്റെ ഉദ്ദേശം വളരെ വ്യക്തമാണ്. സുവിശേഷത്തിന്റെ പ്രാധാന്യത്തെയും ഗൗരവത്തെയും വെളിപ്പെടുത്തി തന്നിരിക്കയാണ് ബൈബിൾ. വചനത്തെ മാറ്റുവാൻ പാടില്ല എന്നു കർശനമായി നിഷ്ക്കർഷിച്ചിരിക്കുന്നു. ഒരാത്മാവിനെ രക്ഷിക്കുവാനുള്ളതാണ് സത്യമെങ്കിൽ നശിപ്പിക്കുവാനുള്ളതാണ് ദുരുപദേശം. കർത്താവിന്റ വഴി, ഉപദേശം എന്നിവ മനുഷ്യരെ സ്വർഗ്ഗത്തിലേക്കു നയിക്കുവാനുള്ളതാണ്. എന്നാൽ മനുഷ്യരുടെ ഉപദേശങ്ങൾ മനുഷ്യരെ നരകത്തിലേക്കു നയിക്കുന്നതാണ്. നാം അജ്ഞാനത്താൽ ദൈവത്തിന്റെ ലക്ഷ്യ സ്ഥാനത്തെത്താതിരിക്കും. അതുകൊണ്ട് ഈ കാലം ദുഷ്ക്കാലമാണെന്നു അറിഞ്ഞു സത്യോപദേശത്തിൽ മാത്രം ഒതുങ്ങി നില്ക്കാൻ തയ്യാറാകണം.

ദൈവശ്വാസിയരായ അപ്പൊസ്തലന്മാരുടെ കാലത്തു പോലും ദുരുപദേഷ്ടാക്കന്മാരുണ്ടായിരുന്നതുകൊണ്ടാണ് അങ്ങനെ ഒരു മുന്നറിയിപ്പ് അന്നു നല്കിയത്. ഇന്നും സ്ഥിതി ഒട്ടും മോശമല്ല. ദൈവത്തിന്റെ ഏക സത്യ സുവിശേഷത്തിൽ മായം ചേർത്താണ് പലരും പഠിപ്പിക്കുന്നത്. രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണമെന്നതിനു ആളുകൾ ധാരാളം വഴികളാണ് പറഞ്ഞുകൊടുക്കുന്നത്. പക്ഷേ ദൈവം അരുളിച്ചെയ്തിരുന്നതു ഒരേ ഒരു വഴി മാത്രമാണുതാനും. അപ്പോൾ അവർ മറ്റു സുവിശേഷങ്ങളാണ് അറിയിക്കുന്നത്. വിപരീതോപദേശം സംസാരിച്ചു കൊണ്ടു വരുന്നവരെ കൈക്കൊള്ളരുത്. അതു തിരിച്ചറിയുവാൻ പുതിയ നിയമത്തിലെ സത്യോപദേശം മനസ്സിലാക്കണം. ജാഗ്രതയോടെ വായിച്ച് മനസിലാക്കണം. അതിനു മനസു വെക്കുക.

ഒരു സ്ത്രീയായാലും പുരുഷനായാലും രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണമെന്നു ദൈവം തന്റെ ദാസന്മാരിലൂടെ അരുളിച്ചെയ്തിരിക്കയാണ്. അവർ അതു വിശുദ്ധ വചനമായി രേഖപ്പെടുത്തിയിട്ടുമുണ്ട്. അതനുസരിച്ചാൽ കിട്ടുന്ന പ്രയോജനവും തുറന്നു കാണിച്ചിട്ടുണ്ട്. അതുപോലെ തന്നെ തെറ്റു വിശ്വസിച്ച് അനുസരിച്ചാൽ അതിന്റെ അനന്തര ഫലത്തെയും വേർതിരിച്ച് കാണിച്ചിട്ടുണ്ട്. ശത്രുവാണ് ദുരുപദേശം പരുത്തുന്നത്. എന്തു കാരണം കൊണ്ടായാലും ദുരുപദേശത്തെ സ്വീകരിച്ച് ശത്രുവിനോടു ചേരുന്നതിന്റെ ഫലം വേദനാജനകം തന്നെയാണ്. ദൈവത്തിന്റേതല്ലാത്ത മറ്റു സുവിശേഷങ്ങൾ പ്രചരിക്കുന്നവരും അതു വിശ്വസിക്കുന്നവരും ശാപത്തിൻ കീഴിലകപ്പെടുന്നു.

മനുഷ്യരുടെ ഉപദേശങ്ങളും കല്പനകളും സ്വീകരിക്കരുത് എന്നു കർത്താവു മുന്നറിയിച്ചിട്ടുണ്ട്. അങ്ങനെ ചെയ്യുന്നവ

രുടെ ആരാധന ദൈവം സ്വീകരിക്കയില്ല (മത്തായി 15:9). കർത്താവേ, കർത്താവേ എന്നു വിളിക്കുന്ന ഏവനുമല്ല, സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവനാണ് സ്വർഗ്ഗത്തിൽ പോകുന്നത് (മത്തായി 7:21). അനേകർ പോകുന്നതു വീതിയും വിശാലവുമായ വഴിയിലാൽ കൂടെയാണ്; അതിന്റെ അവസാനം നാശമത്രെ.

## ദൈവം അവനെ വീട്ടിലേക്കു ക്ഷണിച്ചു

**ഗ്ലെൻ കോളെ**

വേണ്ടപ്പെട്ടവരുടെ വേർപാടിൽ മനംനൊന്തു വിലപിച്ചുകൊണ്ടിരിക്കുന്നവരെ ആശ്വസിപ്പിക്കുവാൻ വരുന്നവർ പറയാറുണ്ട്; അവനെ അല്ലെങ്കിൽ അവളെ ദൈവം അങ്ങു വിളിച്ചു; അവനെ അല്ലെങ്കിൽ അവളെ ദൈവം വിളിച്ചു; നല്ലവരെ ദൈവം നേരത്തെ വിളിക്കും" എന്നൊക്കെ. വേറെ ദൈവത്തിനു അവിടെ ആവശ്യമുണ്ട് എന്നെല്ലാം. അതു വാസ്തവമാണോ? ഒരാൾ മരിക്കുമ്പോൾ അതാണ് ഏറ്റവും നല്ല സമയമെന്നു ദൈവം തീരുമാനിക്കുന്നതു കൊണ്ടാണോ ഇങ്ങനെ സംഭവിക്കുന്നത്?

ഒരാൾ മരിക്കുമ്പോൾ എന്താണ് നിർണ്ണയിക്കപ്പെടുന്നത്? രണ്ടു സാദ്ധ്യതകളാണ് ഇതിൽ ഉള്ളത്. ഒന്നുകിൽ ശരീരം നമ്മുടെ ആത്മാവിനു വാസയോഗ്യമല്ലാതായി തീരുമ്പോൾ മരണം സംഭവിക്കുന്നു, അല്ലെങ്കിൽ നാം പോകണമെന്നു ദൈവം തീരുമാനിച്ച് നടപ്പാക്കുന്നു.

ഒരു പ്രത്യേക സമയത്തു ആളുകൾ മരിക്കണമെന്നു ദൈവം ആഗ്രഹിച്ചിരുന്നതായി ബൈബിൾ ചരിത്രം വായിച്ചാൽ നമുക്കു മനസിലാകും. ദാവീദിനെ ദൈവം സഹായിച്ചപ്പോൾ ഗോല്യത്ത് മരിച്ചു. ഇസ്രായേൽ ജനത്തോടുകൂടെ ഇരുന്നു ദൈവം അവരെ നയിച്ചതുകൊണ്ട് യെരിഹോവിലെ ആളുകൾ മരിച്ചു (പ്രവൃത്തി 5). ഹാനോക്കിനെ ദൈവം എടുത്തു എന്നു നാം വായിക്കുന്നുണ്ട് (ഉല്പത്തി 5:24). ഹാനോക്ക് ദൈവത്തോടു കൂടെ നടന്നിരുന്നു. വിശ്വാസത്താൽ ഹാനോക്ക് മരണം കാണാതെ എടുക്കപ്പെട്ടു. ദൈവം അവനെ എടുത്തുകൊണ്ടതിനാൽ കാണാതായി. അവൻ ദൈവത്തെ പ്രസാദിപ്പിച്ചു എന്നു അവൻ എടുക്കപ്പെട്ടതിനു മുൻപേ സാക്ഷ്യം പ്രാപിച്ചു (എബ്രായർ 11:5). എങ്ങനെയായലും ഇതു ഒരു ഒറ്റപ്പെട്ട സംഭവം എന്നു കരുതരുത്. ഇതു അസാധാരണമായ പ്രത്യേകതയുള്ള സംഭവം മാത്രമാണ്.

മേൽ പറഞ്ഞ രണ്ടു വിധത്തിലുള്ള മരണത്തിൽ ദൈവം അരുളിച്ചെയ്തിരിക്കുന്ന പ്രത്യേകതകൾ നാം അറിയാതിരിക്കരുത്. നാം ചെയ്യേണ്ട കടമകൾ ചെയ്താൽ നമ്മുടെ ആയുസ് നീണ്ടു നില്ക്കും. ഉദാഹരണമായി, മക്കളേ നിങ്ങളുടെ അമ്മയപ്പന്മാരെ കർത്താവിൽ അനുസരിപ്പിൻ അതു ന്യായമല്ലോ. നിനക്കു നന്മയുണ്ടാകുവാനും നീ ഭൂമിയിൽ ദീർഘായുസോടിരിപ്പാനും നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക എന്നതു വാഗ്ദത്തോടു കൂടിയ ആദ്യ കല്പനയാകുന്നു (എഫെസ്യർ 6:13). അതുകൊണ്ടു കുട്ടികൾ തങ്ങളുടെ മാതാപിതാക്കളെ അനുസരിക്കുവാൻ പഠിക്കണം. അല്ലെങ്കിൽ അവർ അല്പായുസുകളായി പോകും.

മോശെയുടെ പ്രാർത്ഥനയിൽ മനുഷ്യരുടെ ആയുസിനെ കുറിച്ച് പറയുന്നതു "ഞങ്ങളുടെ ആയുഷ്ക്കാലം എഴുപതു സംവത്സരം; ഏറെ ആയാൽ എൺപതു സംവത്സരം; അതിന്റെ പ്രതാപം പ്രയാസവും ദുഃഖവുമത്രെ. അതു വേഗം തീരുകയും ഞങ്ങൾ പറന്നു പോകുകയും ചെയ്യുന്നു എന്നാണ് (സങ്കീർത്തനം 90:10). ശരാശരി മനുഷ്യന്റെ ആയുഷ്ക്കാലമാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. വേദനയും കണ്ണുനീരും നിറഞ്ഞതാണ് ഈ ലോക ജീവിതം. *(ശേഷം അടുത്ത ലക്കത്തിൽ)*

✶

# ദൈവത്തിന്റെ രക്ഷാപദ്ധതി

## ഹ്യൂഗോ മെക്കോർഡ്

തിരിച്ചറിയുവാനുള്ള എല്ലാവരും പാപം ചെയ്തു പാപികളായി തീരുന്നതുകൊണ്ടു അവർ ദൈവത്തിന്റെ ന്യായ വിസ്താരത്തിനു മുൻപിൽ നില്ക്കേണ്ടവരാണ് (റോമർ 3:9,23) അവനവർ ചെയ്യുന്ന പ്രവർത്തികൾക്കു തക്കവണ്ണം, തീർപ്പു കല്പിക്കുന്നതു ദൈവമാണ്. ഫിലിപ്പിയിലെ കാരാഗൃഹപ്രമാണി ചോദിച്ചതുപോലെ "രക്ഷിക്കപ്പെടുവാൻ ഞാൻ എന്തു ചെയ്യണമെന്നു എല്ലാവരും ചോദിക്കേണ്ടിയിരിക്കുന്നു (പ്രവൃത്തി 16:30). പൗലോസും ശീലാസും അവനോടു ഉത്തരം പറഞ്ഞതു: കർത്താവായ യേശുവിൽ വിശ്വസിക്ക എന്നാൽ നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും എന്നാണ് (പ്രവൃത്തി 16:31).

എന്നാൽ യേശുക്രിസ്തുവിലുള്ള വിശ്വാസം മാത്രം കൊണ്ടു ആരും രക്ഷ പ്രാപിക്കയില്ല. വിശ്വാസത്താൽ മാത്രമല്ല: പ്രവൃത്തിയാൽ കൂടെയാണ് ഒരാൾ രക്ഷിക്കപ്പെടുന്നത് (യാ

ക്കൊബ് 2:24). വിശ്വാസമില്ലാത്ത പ്രവർത്തിയോ പ്രവർത്തിയില്ലാത്ത വിശ്വാസമോ അപൂർണ്ണമാകുന്നു. അതു ദൈവ സന്നിധിയിൽ പ്രയോജനമില്ലാത്തതത്രെ. പ്രമാണികളിൽ തന്നയും അനേകർ യേശുക്രിസ്തുവിൽ വിശ്വസിച്ചു. എങ്കിലും പരീശന്മാർ നിമിത്തം അവനിലുള്ള വിശ്വാസം അവർ ഏറ്റുപറഞ്ഞിട്ടില്ല താനും. കാരണം അവരെ പള്ളിയിൽ നിന്നു പുറത്താക്കിയാലോ എന്നവർ ഭയപ്പെട്ടു. അവർ ദൈവത്താലുള്ള മാനത്തേക്കാൾ മനുഷ്യരാലുള്ള മാനത്തെ അധികം സ്നേഹിച്ചു (യോഹന്നാൻ 12:4243).

പാപികൾ മാനസാന്തരപ്പെടുമ്പോൾ അവർ പാപത്തെ ഉപേക്ഷിക്കയാണ്. കാരണം അവർ പാപ വഴി വിട്ടു ദൈവവഴിയിലേക്കു തിരിയുകയാണ് ചെയ്യുന്നത്. എന്നാൽ മാനസാന്തരം കൊണ്ടു മാത്രം ഒരാൾ രക്ഷിക്കപ്പെടും എന്നു പറയാവുന്നതല്ല. അതു ഒരു പടി മാത്രമെ ആകുന്നുള്ളു. വിശ്വാസമില്ലെങ്കിൽ ഒരാൾ തന്റെ പാപത്തിൽ മരിക്കും. അതുപോലെ മാനസാന്തരപ്പെട്ടില്ലെങ്കിൽ അയാൾ നശിച്ചു പോകും.

ഹൃദയം കൊണ്ടു ഒരാൾ വിശ്വസിക്കയും വായ്കൊണ്ടു ഏറ്റു പറയുകയും ചെയ്യേണ്ടതു രക്ഷക്കു വേണ്ടിയാണ്. യേശു, ജീവനുള്ള ദൈവത്തിന്റെ പുത്രനാണെന്നു ഏറ്റു പറയണം (മത്തായി 16:16; റോമർ 10:10). എന്നാൽ ആ ഏറ്റു പറച്ചിൽ മാത്രം കൊണ്ടു ആരും രക്ഷ പ്രാപിക്കുന്നില്ല. കർത്താവു തന്നെ പറഞ്ഞിരിക്കുന്നതു: എന്നോടു കർത്താവേ, കർത്താവേ എന്നു പറയുന്ന ഏവനുമല്ല; സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവനത്രെ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതു എന്നാണ് (മത്തായി 7:21).

കർത്താവിന്റെ കല്പനയായ സ്നാനവും രക്ഷിക്കുവാനുള്ളതാണ് (1 പത്രോസ് 3:21). പക്ഷേ വിശ്വാസമില്ലാതെ, മാനസാന്തരപ്പെടാതെ, ക്രിസ്തുവിനെ ഏറ്റു പറയാതെ സ്നാനം മാത്രമായാൽ അതു ജഡത്തിന്റെ അഴുക്കു കളയുന്നതായിട്ടേ വരു. ഒന്നിനൊന്നോടു ചേർന്നുണ്ടാകേണ്ടതും ഹൃദയപൂർവ്വം ആളുകൾ അനുസരിക്കേണ്ടതുമായ കല്പനകളാണ് അവ. ദൈവത്തിന്റെ ആലോചന മുഴുവൻ നാം സ്വീകരിക്കണം (ലൂക്കൊസ് 13:3; റോമർ 10:9-10;1 തിമൊഥെയൊസ് 6:12; 1 യോഹന്നാൻ 4:5). രക്ഷക്കുള്ള നിബന്ധനകൾ എല്ലാം അതുപോലെ നാം നിറവേറ്റണം (പ്രവൃത്തി 20:27).

വിശ്വാസമെന്ന പദത്തിന്റെ സന്ദർഭോചിതമായ അർത്ഥം നാം മനസിലാക്കിയിരിക്കണം. മൂലഭാഷയിൽ ഉപയോഗിച്ചിരിക്കുന്ന പദപ്രയോഗം ആ ഉദ്ദേശമാണ് നമ്മെ പഠിപ്പിക്കുന്നത്. തന്റെ ഏക ജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കുവാൻ തക്കവണ്ണം ദൈവം ലോകത്തെ സ്നേഹിച്ചു. വിശ്വസിക്കുന്നവർക്കു ലഭിക്കുവാനുള്ള ഒന്നാണ് നിത്യജീവൻ. എന്നാൽ വിശ്വാസം കൊണ്ടു മാത്രമല്ല എന്നതു വേറൊരു ഭാഗം വായിക്കുമ്പോൾ തിരിച്ചറിയാൻ കഴിയും. പള്ളിപ്രമാണികളിൽ അനേകർ ക്രിസ്തുവിൽ വിശ്വസിച്ചുവെങ്കിലും അവർ പള്ളി ഭ്രഷ്ടർ ആകാതിരിക്കാൻ ഏറ്റു പറഞ്ഞില്ല. അപ്പോൾ വിശ്വാസം എന്ന ഒരു മാനസികാവസ്ഥയിൽ ഒതുങ്ങുന്ന ഒന്നല്ല രക്ഷ.

വിശ്വാസമെന്ന മാനസിക പ്രതിഭാസം മാത്രം മതിയെങ്കിൽ പിശാചുക്കൾക്കും ദൈവ സന്നിധിയിൽ അംഗീകാരം കിട്ടുമായിരുന്നു. കാരണം അവർ വിശ്വസിക്കയും വിറയ്ക്കുകയും ചെയ്യു

ന്നുണ്ട് (യാക്കോബ് 2:19). അതുപോലെ തന്നെ വായ്കൊണ്ടു ഏറ്റു പറയുന്നതുകൊണ്ടു മാത്രം പ്രയോജനമില്ല. അശുദ്ധാത്മാവുപോലും അതു പറഞ്ഞിട്ടുണ്ട്. ദൈവത്തിന്റെ പരിശുദ്ധൻ എന്നു പ്രഖ്യാപിച്ചിട്ടുണ്ട് (മർക്കൊസ് 12:24). അറിയുന്നതുകൊണ്ടോ അതു പ്രഖ്യാപിക്കുന്നതുകൊണ്ടോ ആ വ്യക്തിക്കു പ്രയോജനം കിട്ടണമെങ്കിൽ അതു പ്രാവർത്തികമാകണം.

ഒരു വ്യക്തിയുടെ അന്തർ ഭാഗത്തു നിന്നു ആരംഭിക്കുന്നവയാണ് വിശ്വാസവും മാനസാന്തരവും. എന്നാൽ ഏറ്റു പറച്ചിലും സ്നാനവും ശാരീരികമായി ചെയ്യേണ്ടതാണ്. ഒന്നു ചെയ്യുകയും മറ്റൊന്നു ചെയ്യാതിരിക്കയും ചെയ്താൽ അതു അപൂർണ്ണമായി തീരുന്നു. വിശ്വാസവും അനുസരണവും മനസിലും ജീവിതത്തിലും ഉണ്ടാകണം. ദൈവത്തോടുള്ള ബന്ധമാണ് നാം ഇതിൽ പുനസ്ഥാപിക്കുന്നത്. പ്രസാദിപ്പിക്കേണ്ടതു ദൈവത്തെയാണ്. നമ്മുടെ മനസും ശരീരവും ദൈവത്തിനായി സമർപ്പിക്കണം എങ്കിലേ ദൈവത്തിന്റെ ആത്മാവിനെ നമ്മിൽ തരികയുള്ളു. അതിനു പാപം മോചിച്ചിരിക്കയും വേണം. പാപമോചനം എന്നാണല്ലോ രക്ഷ എന്നത്. രക്ഷിക്കപ്പെടുമ്പോൾ ദൈവം തന്റെ ആത്മാവിനെ ഒരാളിൽ വിശ്വസിക്കേണ്ടതിനു ദാനമായി നല്കുന്നു (പ്രവൃത്തി 2:38); നാം മരണത്തോളം ദൈവത്തിൽ വിശ്വസ്തരായി ജീവിക്കേണ്ടതിനാണ്. മരണം വരെ നാം ആ വിശ്വസ്തത സൂക്ഷിച്ചാൽ മാത്രമെ നിത്യജീവൻ പ്രാപിക്കുകയുള്ളു (വെളിപ്പാട് 2:10).

ദൈവത്തിന്റെ കൃപയാലാണ് വിശ്വാസം മൂലം നാം രക്ഷിക്കപ്പെടുന്നതു എന്നു വചനം നമ്മെ പഠിപ്പിക്കുന്നുണ്ട്. കൃപയാലാണ് രക്ഷിക്കപ്പെടുന്നതു എന്നു പറഞ്ഞു ദൈവത്തിന്റെ മറ്റു

കല്പനകൾ നാം വിട്ടു കളഞ്ഞാൽ കൃപയെ നാം വ്യർത്ഥമാക്കുകയാണ്. ദൈവത്തിന്റെ ഭാഗത്തു നിന്നു നമുക്കു കിട്ടുന്ന പല ഉപകാരണങ്ങൾ ഉണ്ട്. ദയ, കരുണ, യേശുവിന്റെ ക്രൂശിലെ മരണം, അവന്റെ രക്തം എന്നിവ ദൈവ കൃപയാൽ നമുക്കു ലഭിക്കുന്നതാണ് (എഫെസ്യർ 1:7; 2 4; ഗലാത്യർ 6:14; തീത്തൊസ് 3:4-5). ദൈവത്തിന്റെ രക്ഷാമാർഗം സ്ഥിരമായിരിക്കുന്നു.

ലോകസ്ഥാപനത്തിനു മുൻപ് തയ്യാറാക്കപ്പെട്ട രക്ഷാപദ്ധതി എല്ലാ കാതുകളിലും എത്തുവാൻ അവൻ ആഗ്രഹിക്കുന്നു. ആരും നഷ്ടപ്പെടുവാൻ ദൈവം ആഗ്രഹിക്കുന്നില്ല. അതിനാലാണ് യേശു ശിഷ്യന്മാർക്ക് ഒരു ദൗത്യം കൊടുത്തത്. അത് സുവിശേഷം സകല ജാതികളിലും എത്തിക്കുക എന്നതാണ്. സുവിശേഷ സത്യത്തെ മാറ്റി മറിച്ചുകളയുവാനും, അത് അങ്ങനെ തന്നെ ആളുകൾ അനുസരിക്കാതിരിപ്പാനും സാത്താൻ ഭൂമിയിൽ കിണഞ്ഞു പരിശ്രമിച്ചുകൊണ്ടാണിരിക്കുന്നത്. അതുകൊണ്ട് എല്ലാ ദുരുപദേശങ്ങളെയും തള്ളിക്കളഞ്ഞു ക്രിസ്തുവിന്റെ ഉപദേശം മാത്രം വിശ്വസിച്ച് അനുസരിക്കുക.

മരണത്തോളം അനുസരണം പഠിച്ച് തികഞ്ഞവനായി തീർന്ന നമ്മുടെ രക്ഷാ നായകന്റെ കല്പനകൾ എല്ലാം നാം അനുസരിക്കേണ്ടതാണ്. അങ്ങനെ അനുസരിക്കാത്തവരുടെമേൽ ദൈവത്തിന്റെ കോപവും ക്രോധവും ആണ് വരുന്നത് (യോഹന്നാൻ 3:36). ക്രിസ്തുവിന്റെ രക്ഷാപദ്ധതിയെ ഭാഗികമായി തള്ളികളയുന്നവർ ക്രിസ്തുവിനെ തള്ളികളയുകയാണ് ചെയ്യുന്നത്. അവരെ അന്ത്യനാളിൽ അതേ വചനം തന്നെ ന്യായം വിധിക്കും എന്നതാണ് സത്യം (യോഹന്നാൻ 12:48).

✶

*Watch!*

# SATHYANADAM

# TV PROGRAME

## TRUE GOSPEL MESSAGE

## Speaker:

# Bro.P.K. VARGHESE

Saturday **6 am to 6.30 am**

**On JAI HIND CHANNEL**

കേൾക്കുക!

# സത്യനാദം

ബ്രദർ.

**പി.കെ വർഗ്ഗീസ്**

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കേൾക്കുക!